പദ്ധതികൾക്ക് മാത്രമായുള്ള പ്രസ്തുതനയം, മത്സരാധിഷ്ഠിത ദർഘാസ് വഴി വരുന്ന സംരംഭകർക്ക് 30 വർഷത്തേക്ക് BOOT (Built, Own, Operate, Transfer) അടിസ്ഥാനത്തിൽ ഇൻഡിപെൻഡന്റ് പവർ പ്രോജക്ട്സായോ ക്യാപ്റ്റീവ് പവർ പ്രോജക്ട്സായോ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനുശേഷം ഈ പദ്ധതികൾ സർക്കാരിലേക്ക് തിരിച്ചു നൽകേണ്ടതുമാണ്.

(ബി) പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഊർജ്ജ സുരക്ഷ കൈവരിക്കുന്നതിന് പ്രകൃതി വിഭവങ്ങളെ ഉപയോഗപ്പെടുത്തി ഹരിത ഊർജ്ജം പരമാവധി ഉല്പാദിപ്പിക്കുക, സാമൂഹ്യ സാമ്പത്തിക വികസനത്തിന് ഇത്തരത്തിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുകയും ഇതിലൂടെ ഗ്രാമീണ മേഖലയിലെ ഊർജ്ജ ആവശ്യങ്ങൾ ഒരു പരിധിവരെ പരിഹരിക്കുകയും ചെയ്യുക, ഈ മേഖലയിൽ നിക്ഷേപം ആകർഷിക്കുവാൻ വേണ്ടിയുള്ള സാഹചര്യമൊരുക്കുക, സംസ്ഥാനത്തെ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ ലഘൂകരിച്ച് 2017-ഓടുകൂടി 150MW-ന്റെ അധിക സ്ഥാപിത ശേഷി വർദ്ധനവ് കൈവരിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഈ നയം വഴി ഉദ്ദേശിക്കുന്നത്.

(സി) സംരംഭകർ സമർപ്പിക്കുന്ന പദ്ധതികൾ പരിശോധിക്കുന്നതിനും അനുമതി നൽകുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പദ്ധ്യക്ഷന്മാർ അംഗങ്ങളായ ഏകജാലക സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയിൽ സമർപ്പിക്കപ്പെടുന്ന പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിലേയ്ക്കായി ഈ മേഖലയിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഊർജ്ജ വകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ ഒരു കമ്മിറ്റിയും പ്രവൃത്തിക്കുന്നുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഏജൻസികൾക്ക് അനർട്ട് വഴി സബ്സിഡി

1 (386) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അനർട്ട് വഴി ഏതെല്ലാം ഏജൻസികൾക്ക് എത്ര രൂപ വീതം സബ്സിഡി നൽകിയെന്ന് വർഷം തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ സബ്സിഡിക്ക് അപേക്ഷ നൽകി നിഷേധിക്കപ്പെട്ട ഏജൻസികളുടെ പേര് വിവരം ലഭ്യമാക്കാമോ;

(സി) സബ്സിഡി ലഭ്യമാക്കുന്നതിനായി ഈ കാലയളവിൽ ഏജൻസികൾ/ സ്ഥാപനങ്ങൾ/വ്യക്തികൾ എന്നിവർ നൽകിയ അപേക്ഷകളുടെ എണ്ണം വർഷം തിരിച്ച് പേരു സഹിതം ലഭ്യമാക്കാമോ;

(ഡി) ഇതിൽ അർഹമായ അപേക്ഷകരുടെ പേരുവിവരം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി- ഡി) വിവരം ശേഖരിച്ചുവരുന്നു.

വൈദ്യുത പോസ്റ്റുകൾ സ്ഥാപിക്കലും കേബിൾ ടി.വി. ഓപ്പറേറ്റർമാരുടെ ചൂഷണവും

2 (387) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് മണക്കാട് എം.എൽ.എ. റോഡിൽ ബലവാൻ നഗർ, ഗംഗാ നഗർ പ്രദേശത്ത് കെ.എസ്.ഇ.ബി.-യുടെ വൈദ്യുത പോസ്റ്റുകൾ സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർമാർ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആകെ എത്ര പോസ്റ്റുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ട്;

(ബി) ഓരോ പുതിയ കണക്ഷൻ വരുമ്പോഴും ഇത്തരക്കാർ പുതിയതായി കെ.എസ്.ഇ.ബി. വക പോസ്റ്റുകൾ ഉപയോഗപ്പെടുത്തുന്നത് കണക്കിൽ വകയിരുത്താറുണ്ടോ;

(സി) പോസ്റ്റുകൾ റോഡുവശത്തും (പി.ഡബ്ല്യു.ഡി., കോർപ്പറേഷൻ, ഹൈവേ) കുറുകെയും കേബിൾ ലൈൻ വലിക്കുന്നതിന് ചാർജ്ജിനത്തിൽ എത്ര തുക പ്രസ്തുത സ്ഥാപനം കെ.എസ്.ഇ.ബി.- യ്ക്ക് അടയ്ക്കുന്നുണ്ട്; ഇത്തരക്കാർ വാർഷിക ഇനത്തിലാണോ ഗവൺമെന്റിന് ചാർജ്ജുകൾ അടയ്ക്കേണ്ടിവരുന്നത്;

(ഡി) കഴിഞ്ഞ ഒരു വർഷത്തിൽ ലൈൻ വലിക്കുന്നതുമായോ മറ്റേതെങ്കിലും വകയിലോ കെ.എസ്.ഇ.ബി.-യ്ക്കോ ഗവൺമെന്റിനോ ലഭിക്കേണ്ട തുകയിൽ എന്തെങ്കിലും തരത്തിലുള്ള ഇളവ്/കുറവ് ഇത്തരക്കാർക്ക് ചെയ്ത് കൊടുത്തിട്ടുണ്ടായിരുന്നോ; എങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം സ്വകാര്യ കേബിൾ ടി.വി. ഓപ്പറേറ്റർമാർ റേറ്റിന്റെ കാര്യത്തിൽ ഉപഭോക്താക്കളെ ചൂഷണം ചെയ്യുകയും എന്നാൽ ഗവൺമെന്റിൽ നിന്ന് എല്ലാ രീതിയിലും ഇളവ് വാങ്ങിച്ചെടുക്കുകയും ചെയ്യുന്നത് തടയാൻ നടപടി എടുക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly